# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. 91 - 28/04/2017 - ലെ മറുപടിക്ക്

## എഡ്യൂക്കേഷൻ ലോൺ റീപേമെന്റ് സപ്പോർട്ട് സ്കീം

**ചോദ്യം**

**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ . എം. ഉമ്മർ**
**ശ്രീ. ടി. എ. അഹമ്മദ് കബീർ**
**ശ്രീ. ടി. വി. ഇബ്രാഹിം**

**ഉത്തരം**

**ഡോ. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്ത് എഡ്യൂക്കേഷൻ ലോൺ റീപേമെന്റ് സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നതിനുള്ള കർമ്മപദ്ധതി രൂപീകൃതമായിട്ടുണ്ടോ; എങ്കിൽ അതിന്റെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ; | 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ, വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇതിൻ പ്രകാരം ഒരു പദ്ധതിക്ക് 26.04.2017-ന് ചേർന്ന മന്ത്രിസഭായോഗം അംഗീകാരം നൽകി. ഇതു സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശം ഉൾക്കൊള്ളുന്ന സർക്കാർ ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>• 01.04.2016നു മുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥികൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള നാലു വർഷത്തേയ്ക്ക് വായ്പാ |

| | | |
|---|---|---|
| | | തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും.<br>• 31.03.2016 നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ള ലോൺ അക്കൗണ്ടുകൾ ക്ളോസ് ചെയ്യുന്നതിന് സർക്കാർ സഹായം നൽകുന്നതാണ്.<br>• അംഗീകൃത പ്രൊഫഷണൽ കോഴ്സിന് അഡ്മിഷൻ ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീമിന്റെ പ്രയോജനം ലഭിക്കുകയുള്ളൂ.<br>• മാനേജ്മെന്റ്/എൻ.ആർ.ഐ ക്വോട്ട അംഗീകൃതമല്ലാത്ത സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ല.<br>• മാനേജ്മെന്റ് ക്വോട്ടയിൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഈ സ്കീമിന്റെ ആനുകൂല്യത്തിന് അർഹരാണ്.<br>• ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീം പ്രകാരമുള്ള അനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.<br>• ഈ സ്കീം പ്രകാരം ആദ്യത്തെ ഗ്രാജുവേറ്റ് / പോസ്റ്റ് ഗ്രാജുവേറ്റ് / ഡിപ്ലോമ കോഴ്സുകൾക്ക് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളൂ. |

| | | |
|---|---|---|
| | | • 01.04.2016 ൽ വാർഷിക കുടുംബ വരുമാനം 6 ലക്ഷത്തിൽ താഴെയുള്ള വായ്പയെടുത്ത വിദ്യാർത്ഥികൾക്കെ ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ 40 % അംഗപരിമിതിയുള്ളവർക്ക് വാർഷിക കുടുംബ വരുമാന പരിധി 9 ലക്ഷം രൂപയായിരിക്കും. |
| ബി | ഈ പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ അറുപത് ശതമാനം വിഹിതം എത്ര രൂപയാണ്; ഈ വർഷം എത്ര രൂപ ഇതിനായി വകയിരുത്തി യിട്ടുണ്ട്; വ്യക്തമാക്കുമോ? | ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 500 - 600 കോടി രൂപ വരെ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ